**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4843** **13-03-2023 - ൽ മറുപടിയ്ക്ക്**

**പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന്റെ പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | (എ) | പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന്റെ ബ്രേക്ക്-വാട്ടറിന്റെ നിർമ്മാണം പുരോഗമിക്കുന്നു. 785 മീറ്റർ നീളമുള്ള നോർത്ത് ബ്രേക്ക്വാട്ടറിന്റെ പണി പൂർത്തിയായി. 1410 മീറ്റർ നീളമുള്ള സൗത്ത് ബ്രേക്ക്വാട്ടറിന്റെ 1035 മീറ്റർ പൂർത്തിയായി. പാക്കിംഗ് പ്രവൃത്തികൾ നടന്നുവരുന്നു. വാർഫ്, ലേലപ്പുര, തുടങ്ങിയ അനുബന്ധ പ്രവൃത്തികൾക്കുള്ള പൈലിംഗ് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ബ്രേക്ക്  വാട്ടർ പ്രവൃത്തിയ്ക്ക് ആവശ്യമായ കല്ലുകൾ ക്വാറിയിൽ നിന്ന് ലഭിക്കാത്ത സാഹചര്യം മുൻപുണ്ടായിരുന്നു. നിലവിൽ തടസ്സങ്ങൾ ഇല്ല. 2024 അവസാനത്തോടെ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ ആകുമെന്നും അറിയിക്കാമോ; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന്റെ ബ്രേക്ക്-വാട്ടറിന്റെ നിർമ്മാണം പുരോഗമിക്കുന്നു. 785 മീറ്റർ നീളമുള്ള നോർത്ത് ബ്രേക്ക്വാട്ടറിന്റെ പണി പൂർത്തിയായി. 1410 മീറ്റർ നീളമുള്ള സൗത്ത് ബ്രേക്ക്വാട്ടറിന്റെ 1035 മീറ്റർ പൂർത്തിയായി. പാക്കിംഗ് പ്രവൃത്തികൾ നടന്നുവരുന്നു. വാർഫ്, ലേലപ്പുര, തുടങ്ങിയ അനുബന്ധ പ്രവൃത്തികൾക്കുള്ള പൈലിംഗ് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ബ്രേക്ക്  വാട്ടർ പ്രവൃത്തിയ്ക്ക് ആവശ്യമായ കല്ലുകൾ ക്വാറിയിൽ നിന്ന് ലഭിക്കാത്ത സാഹചര്യം മുൻപുണ്ടായിരുന്നു. നിലവിൽ തടസ്സങ്ങൾ ഇല്ല. 2024 അവസാനത്തോടെ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത നിർമ്മാണത്തിൽ പൂർണ്ണ ഫലപ്രാപ്തി ലഭിക്കുന്നതിന് ചെറിയ മാറ്റങ്ങൾ വേണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിൽ | (സി) | ഉണ്ട്. ഹാർബർ നിർമ്മാണത്തിൽ പൂർണ്ണ ഫലപ്രാപ്തി ലഭിക്കുന്നതിന് ചെറിയ മാറ്റങ്ങൾ ആവശ്യമാണ്. തെക്കേ പുലിമുട്ടിനോട് ചേർന്ന് ഹാർബർ |

| | | | |
|---|---|---|---|
| | വന്നിട്ടുണ്ടോ; ഇത് സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | ബേസിനകത്തേയ്ക്ക് ചേരുന്ന മുറിതോട് സംബന്ധിച്ച് ചില സാങ്കേതിക മാറ്റങ്ങൾ എസ്റ്റിമേറ്റിൽ വരുത്തേണ്ടതുണ്ട്. ഇപ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ